(ഡി) 43,779 രൂപ, താമസത്തിനും മറ്റിനങ്ങളിലുമായി ചെലവായി.

ഇ.എം.എസ്സിന്റെ പ്രതിമാ സ്ഥാപനം

173 (175) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് ഇ.എം.എസ്സിന്റെ പ്രതിമാസ്ഥാപനത്തിനും മറ്റുമായി എത്ര സെന്റ് സ്ഥലമാണ് അനുവദിച്ചിട്ടുള്ളത് ;

(ബി) സ്ഥലം ആർക്കാണ് അനുവദിച്ചിട്ടുള്ളത് ;

(സി) ഇതു സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് മേശപ്പുറത്തു വയ്ക്കുമോ ;

(ഡി) ഈ പദ്ധതിയുടെ മൊത്തം എസ്റ്റിമേറ്റ് എത്ര രൂപയാണെന്നും ഇതിനോടകം എത്ര രൂപ ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ ;

(ഇ) ഈ പദ്ധതിയുടെ കോൺട്രാക്ടർ ആരാണ് ; 2001 ഫെബ്രുവരി ഒന്നുവരെ ഈ കോൺട്രാക്ടർ എത്ര രൂപയുടെ പണി പൂർത്തിയാക്കി ബില്ല് സമർപ്പിച്ചുവെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 61 സെന്റ്

(ബി) സർക്കാരിൽ നിക്ഷിപ്തമാണ്.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ഡി) 30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ചെലവഴിച്ച വിവരം ശേഖരിച്ചുവരുന്നു.

(ഇ) ഇതിന്റെ പണിയുടെ ചുമതല പൊതുമരാമത്തുവകുപ്പിനാണ്.

പാർക്കിംഗ് സൗകര്യം ഇല്ലാത്ത സ്ഥലങ്ങളിലെ വർക്കുഷോപ്പുകൾ

174 (176) ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡരുകിൽ വച്ച് വാഹനങ്ങൾ റിപ്പയർ ചെയ്യുന്നത് കാരണം വാഹനാപകടം വർദ്ധിച്ചുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പാർക്കിംഗ് സൗകര്യം ഇല്ലാത്ത സ്ഥലങ്ങളിൽ വർക്കുഷോപ്പുകൾക്ക് ലൈസൻസു നൽകുന്നതു തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

---

† അനുബന്ധം - XXV

LIBRARY ARCHIVES Kerala Legislative Assembly

(സി) വാഹന വർക്ക് ഷോപ്പുകൾക്ക് വൈദ്യുതിയും ലൈസൻസും അനുവദിക്കുന്നതിന് മുൻപായി ബന്ധപ്പെട്ട പോലീസ് ഓഫീസർമാരിൽ നിന്നും ആവശ്യമായ സർട്ടിഫിക്കറ്റുകൾ വാങ്ങണമെന്ന നിബന്ധന വയ്ക്കാൻ സർക്കാർ തയ്യാറാകുമോ ;

(ഡി) എങ്കിൽ ഇത് സംബന്ധമായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് പറയാമോ ?

ഉത്തരം

(എ) കൊച്ചി നഗരത്തിൽ ഇപ്രകാരം വാഹനാപകടം ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം വർക്കുഷോപ്പുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുവാൻ ഇപ്പോൾ തന്നെ 1994-ലെ കേരളാ മുനിസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 448, 449 വകുപ്പുകളിൽ ആവശ്യമായ നിയമം നിലവിലുണ്ട്.

(സി&ഡി) ഇപ്പോൾ പരിഗണനയിലില്ല.

പൊതുവിതരണരംഗം കാര്യക്ഷമമാക്കുന്നതിന് നടപടി

175 (177) ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുവിതരണരംഗം കാര്യക്ഷമമാക്കുന്നതിനു വേണ്ടി എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് സൗജന്യ നിരക്കിൽ അരി ലഭ്യമാക്കുന്ന പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ ഓരോ ഘട്ടത്തിലും വരുത്തിയ ഭേദഗതികളുടെ വിശദാംശങ്ങൾ അറിയിക്കുമോ ;

(ഡി) സംസ്ഥാനത്തെ പൊതുവിപണിയിൽ ഫലപ്രദമായി ഇടപെടുന്നതിനും വിലക്കയറ്റം നിയന്ത്രിക്കുന്നതിനും സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly